**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 863** **10-08-2023 - ൽ മറുപടിയ്ക്ക്**

**കൊടുവള്ളി മണ്ഡലത്തിൽ പന്നൃങ്ങാട്ട് പുറായിൽ കോളനി വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ഡോ. എം. കെ. മുനീർ** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | കൊടുവള്ളി നിയോജകമണ്ഡലത്തിൽ കിഴക്കോത്ത് ഗ്രാമപഞ്ചായത്തിലെ വാർഡ് മൂന്നിൽ സ്ഥിതി ചെയ്യുന്ന പന്നൃങ്ങാട്ടുപുറായിൽ കോളനി വികസനവുമായി ബന്ധപ്പെട്ട് പട്ടികജാതി വികസന ഡയറക്ടറേറ്റിലെ (ഫയൽ നം. സി1/2475/23/ എസ്.സി. ഡയറക്ടറേറ്റ്) ഫയലിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | അംബേദ്കർ ഗ്രാമ വികസന പദ്ധതി പ്രകാരം പന്നൃങ്ങാട്ടുപുറായിൽകോളനിയുടെ 96,13,619/- രൂപയുടെ എസ്റ്റിമേറ്റിന് വകുപ്പ് ഡയറക്ടറുടെ 07.06.2023 ലെ SCDD/2475/2023-C1(DEV C) നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| (ബി) | പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കാമോ; | (ബി) | മറുപടി ( എ) പിരിവിൽ ചേർത്തിട്ടുണ്ട്. |
| (സി) | ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ? | (സി) | മറുപടി ( എ) പിരിവിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

I/30992/2023

I/30992/2023

<u>പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ നടപടി ഉത്തരവ്</u>

(നിലവിൽ: ഡോ.വീണാ എൻ.മാധവൻ ഐ എ എസ്.)

വിഷയം:- പട്ടികജാതി വികസനം - അംബേദ്കർ ഗ്രാമം പദ്ധതി (2021-22) - കോഴിക്കോട് ജില്ലയിലെ കൊടുവള്ളി നിയോജകമണ്ഡലത്തിലെ പന്നിയങ്കാട്ടുപുറായിൽ കോളനി - എസ്റ്റിമേറ്റ് അംഗീകരിച്ച് ഉത്തരവാകുന്നു.

പരാമർശം:-

1) സ.ഉ. (കൈ) നം.15/2017/പജപവവിവ, തീയതി.18/03/2017
2) സ.ഉ. (കൈ) നം.54/2021/പജപവവിവ, തീയതി.03/12/2021
3) പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 24/03/22, 12/01/23 തീയതികളിലെ ഡെവ സി1-12395/21 നമ്പർ ഉത്തരവുകൾ.
4) കോഴിക്കോട് ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ 29/03/23 ലെ D5-2186/23 നമ്പർ കത്ത്.

No:SCDD/2475/2023-C1 (DEV C) Date:07-06-2023

അടിസ്ഥാന സൗകര്യവികസനത്തിൽ പിന്നാക്കം നിൽക്കുന്നതും മുപ്പതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്നതും വികസന പ്രവർത്തനങ്ങൾ ആവശ്യമുള്ളതുമായ കോളനികളെ തെരഞ്ഞെടുത്ത് ഒരു കോടി രൂപ വരെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിന് പരാമർശം (2) പ്രകാരം ഉത്തരവായിട്ടുള്ളതും പരാമർശം (3) പ്രകാരം പന്നിയങ്കാട്ടുപുറായിൽ കോളനിയെ തെരഞ്ഞെടുക്കുകയും നിർവ്വഹണ ഏജൻസിയായി സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ് നെ അംഗീകരിക്കുകയും ചെയ്തിരുന്നു. ടി കോളനിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 20,00,000/- രൂപ കോഴിക്കോട് ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് അനുവദിക്കുകയും ചെയ്തിരുന്നു. ഏജൻസിയായ സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ്, കോഴിക്കോട് ജില്ലാ പട്ടികജാതി വികസന ഓഫീസർ മുഖേന താഴെ പറയുന്ന പ്രവൃത്തികൾ ഉൾപ്പെട്ട എസ്റ്റിമേറ്റ് ശുപാർശ ചെയ്ത് നൽകിയിട്ടുണ്ട്.

| ക്രമ നം | പ്രവൃത്തിയുടെ | തുക |
|---|---|---|
| 1 | Foot path – Raveendran house to Leela house | 1781280.50 |
| | Panniyangattupurayil - Kooramkunduchal | |

I/30992/2023

| | | |
|---|---|---|
| 2 | concrete road | 590627.29 |
| 3 | Panniyangattupurayil Colony road | 950739.06 |
| 4 | Concrete road – Asokan house to Vasu house | 348077.09 |
| 5 | Foot path – Padmini house to main road | 158558.64 |
| 6 | House repair (15 nos) | 1754105.01 |
| 7 | Foot path – Divakaran house to Vilasini Narayanankutty house | 333762.97 |
| 8 | Concrete road – Valsala to Sukumaran Panniyangatupurayil house | 508355.78 |
| 9 | Panniyangattupurayil road side Kerb concrete | 160710.40 |
| 10 | Supply and installation of solar street light | 1027927.50 |
| | Total | 7614144.24 |
| | Centage (7%) | 532990.09 |
| | Subtotal | 8147134.336 |
| | GST (18%) | 1466484.18 |
| | Grand Total | 9613618.51 |
| | Total round off | 9613619/- |
| Rupees Ninety Six Lakhs Thirteen Thousand Six Hundred and Nineteen Only | | |

മേൽ സാഹചര്യത്തിൽ പരാമർശം (3) പ്രകാരം കോഴിക്കോട് ജില്ലാ പട്ടികജാതി വകസന ഓഫീസർ മുഖേന ലഭ്യമാക്കിയിട്ടുളള പന്നിയങ്കാട്ടുപുറായിൽ കോളനിയുടെ **96,13,619/-** രൂപ (**തൊണ്ണൂറ്റി ആറ് ലക്ഷത്തി പതിമൂവായിരത്തി അറുന്നൂറ്റി പത്തൊൻപത് രൂപ മാത്രം**) എസ്റ്റിമേറ്റ് അംഗീകരിച്ച് ഇതിനാൽ ഉത്തരവാകുന്നു. ഭവനപുനരുദ്ധാരണം യൂണിറ്റ് കോസ്റ്റ് 1,50,000/- രൂപയിൽ അധികരിയ്ക്കാൻ പാടുളളതല്ല.

I/30992/2023
I/30992/2023

നിലവിലുള്ള സർക്കാർ ഉത്തരവുകൾക്കും നിബന്ധനകൾക്കും വിധേയമായി അടിയന്തിര പ്രാധാന്യത്തോടെ നിയമാനുസൃതം പദ്ധതി നടപ്പാക്കേണ്ടതാണ്. ഇതിലേയ്ക്കാവശ്യമായ തുക നടപ്പ സാമ്പത്തിക വർഷത്തെ "2225-01-283-85 (Plan) എന്ന ശീർഷകത്തിൽ നിന്നും കണ്ടെത്തേണ്ടതാണ്. നിലവിൽ പ്രവൃത്തി ആരംഭിക്കുന്നതിനു മുമ്പായി ഏജൻസി ജില്ലാ പട്ടികജാതി വികസന ഓഫീസറുമായി MoU ഒപ്പ വെയ്ക്കേണ്ടതും കരാർ ഒപ്പ വെച്ച് പത്ത് മാസങ്ങൾക്കുള്ളിൽ നിർമ്മാണ പ്രവൃത്തികൾ തൃപ്തികരമായി പൂർത്തീകരിയ്ക്കാത്ത പക്ഷം ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് ഏജൻസി മാത്രം ഉത്തരവാദിയായിരിക്കും. നിലവിലുള്ള സർക്കാർ ഉത്തരവുകൾക്ക് വിധേയമായി നികുതികൾ ഏജൻസി ഒടുക്കേണ്ടതാണ്.

(ഒപ്പ്)
ഡയറക്ടർ

ഡയറക്ടർക്കു വേണ്ടി
ജോയിന്റ് ഡയറക്ടർ (വികസനം)

പകർപ്പ്:-
1) ജില്ലാ പട്ടികജാതി വികസന ഓഫീസർ, കോഴിക്കോട്
2) സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ്, ബേപ്പൂർ പി ഒ, കോഴിക്കോട് -673015
3) സ്റ്റോക്ക് ഫയൽ / സ്പെയർ